# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2132 11.06.2018 - ൽ മറുപടിക്ക്

**നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | നിലവിലുള്ള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ; | എ) | 1953 ലെ നഴ്സസ് ആന്റ് മിഡ് വൈവ്സ് ആക്ട് 7(1) (b) വകുപ്പ് പ്രകാരം നിലവിലുള്ള കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിന്റെ കാലാവധി 29.05.2013 ന് അവസാനിച്ചുവെങ്കിലും പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു വരെ ടി ആക്ട് 7 (2) വകുപ്പ് പ്രകാരം നിലവിലുള്ള കൗൺസിൽ തുടർന്നു വരുന്നു. |
| ബി) | പുതിയ തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) | ആരംഭിച്ചിട്ടുണ്ട്. |
| സി) | അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്, ഏതു ഗസറ്റിൽ പ്രസിദ്ധീകരിച്ചു, ഓരോ വിഭാഗത്തിലും എത്ര വോട്ടർമാർ വീതമുണ്ട്; വിശദമാക്കാമോ; | സി) | ഇല്ല. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതു പ്രകാരം ലഭിച്ച ആക്ഷേപാഭിപ്രായങ്ങൾ പരിശോധിച്ചുവരുന്നു. |
| ഡി) | റിട്ടേണിംഗ് ഓഫീസറുടെ നിയമന രീതി എന്താണ്; ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി റിട്ടേണിംഗ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവ് അനുസരിച്ച്; വിശദമാക്കാമോ; | ഡി) | 1972 ലെ കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് റൂൾസിലെ 5-ാം നമ്പർ റൂൾ പ്രകാരം കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ പ്രസിഡന്റ് എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസിഡന്റാണ് വരണാധികാരിയെ നാമനിർദ്ദേശം ചെയ്യുന്നത്.<br>കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ പ്രസിഡന്റിന്റെ 03.05.2018 ലെ ഇ.3016/2013/എൻ.സി നമ്പർ ഉത്തരവ് പ്രകാരമാണ് വരണാധികാരിയെ നിയമിച്ചിട്ടുള്ളത്. |
| ഇ) | പുതിയ റിട്ടേണിംഗ് ഓഫീസർ ചാർജ്ജ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തീയതിയിലാണ് ചാർജ്ജ് എടുത്തത്; അങ്ങനെ പുതുതായി ചാർജ്ജ് എടുത്ത റിട്ടേണിംഗ് | | 03.05.2018 തീയതിയിൽ പുതിയ റിട്ടേണിംഗ് ഓഫീസർ ചാർജ്ജ് എടുത്തിട്ടുണ്ട്.<br>പുതിയ റിട്ടേണിംഗ് ഓഫീസറുടെ നിയമനവുമായി ബന്ധപ്പെട്ട് ലഭിച്ച |

| | | | |
|---|---|---|---|
| | ഓഫീസറെ മാറ്റാൻ ഇപ്പോൾ കൗൺസിൽ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് സാഹചര്യത്തിലാണ് മാറ്റാൻ തീരുമാനിച്ചത്; വിശദീകരിക്കുമോ; | | പരാതിയുടെ അടിസ്ഥാനത്തിലാണ് റിട്ടേണിംഗ് ഓഫീസറെ മാറ്റുന്നതിന് കൗൺസിൽ ആലോചിച്ചിട്ടുള്ളത്. |
| എഫ്) | റിട്ടേണിംഗ് ഓഫീസറെ നിയമിച്ചതിനുശേഷം തെരഞ്ഞെടുപ്പ നടപടികൾ അവസാനിക്കുന്നതിന് മുൻപായി റിട്ടേണിംഗ് ഓഫീസറെ മാറ്റുന്നത് നിയമാനുസൃതമാണോ; നിയമാനുസൃതമായിട്ടാണ മാറ്റിയ തെങ്കിൽ ഏത് നിയമത്തിലെ ഏത് വ്യവസ്ഥപ്രകാരമാണ്; വിശദമാക്കാമോ; | എഫ്) | 1972 ലെ കേരള നഴ്സ്സ് ആന്റ് മിഡ് വൈവ്സ് റൂൾസിലെ 6-ാം റൂൾ പ്രകാരം തെരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ച് 40 ദിവസങ്ങൾക്കു മുമ്പ് വരണാധികാരിയുടെ ഇംഗ്ലീഷിലും, മലയാളത്തിലുമുള്ള നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതലാണ് വരണാധികാരിയുടെ ചുമതല ആരംഭിക്കുന്നത്. അപ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കാത്തതിനാൽ വരണാധികാരിയെ മാറ്റുന്നതിൽ അപാകതയില്ല. ടി റൂൾസിലെ 5-ാം നമ്പർ റൂൾ പ്രകാരം വരണാധികാരിയുടെ നിയമനാധികാരിയായ പ്രസിഡന്റിന് നിയമിച്ച ആളിനെ സംബന്ധിച്ച് പരാതി ലഭിച്ചപ്പോൾ ആശങ്കയുള്ളതിനാലാണ് മാറ്റാൻ തീരുമാനിച്ചിട്ടുള്ളത്. |
| ജി) | ചാർജ്ജ് എടുത്ത റിട്ടേണിംഗ് ഓഫീസറെ മാറ്റാൻ തീരുമാനിച്ചത് നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണോ; സ്വാഭാവിക നീതി ഉറപ്പു വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | ജി) | പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള നഴ്സ്സ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ പ്രസിഡന്റ് ആശങ്ക അറിയിച്ചതിനാൽ നിയമിച്ച വരണാധി കാരിയെ മാറ്റുന്നതിന് 29.05.2018 ൽ കൂടിയ കേരള നഴ്സ്സ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ യോഗം പ്രസിഡന്റിന് അധികാരം നൽകിയിട്ടുണ്ട്. 29.05.2018 ൽ കൂടിയ കൗൺസിൽ മിനിറ്റ്സ്, തുടർന്നു കൂടുന്ന കൗൺസിൽ യോഗം അംഗീകരിച്ചതിനു ശേഷം നിലവിലുള്ള വരണാധികാരിയെ ചുമതലയിൽ നിന്നും മാറ്റുന്ന വിവരം രേഖാമൂലം അറിയിക്കു ന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ